# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം-27/1951/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 09/10/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം-27/1951/2023 തീയ്യതി: 09/10/2023

## മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-01-2023 മുതൽ 08-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ചിത്രലേഖ.കെ.കെ, കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 09-08-2023 | 19-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-08-2023 | 19-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.അബ്ദുൽ ഗഫൂർ സി,ഓഡിറ്റ് ഓഫീസർ

2.ശ്രീ.ഷാജഹാൻ ഖുറൈശി,അസി.ഓഡിറ്റ് ഓഫീസർ

3.ശ്രീ.സന്തോഷ് പി ടി,അസി.ഓഡിറ്റ് ഓഫീസർ

4.ശ്രീമതി.വിനീത പി.പി,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. സൗമ്യ പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. മധുസൂദനൻ . എം | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മുരളീധരൻ എ | അസി.സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ അരുൺ വി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഷൈജ എം | വി ഇ ഒ | 01-04-2022 | 31-03-2023 |
| ഡോ ഷംസാദ് | മെഡിക്കൽ ഓഫീസർ ( ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ഡോ.ആശ ജലാൽ | മെഡിക്കൽ ഓഫീസർ ( FHC) | 01-04-2022 | 31-03-2023 |
| ശ്രീമതി.അജിതകുമാരി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സ്വാതി വിശ്വനാഥൻ | കൃഷി ഓഫീസർ(താത്ക്കാലികം) | 01-04-2022 | 17-05-2022 |
| ശ്രീമതി.ഹാജറ കളത്തിങ്ങൽ | കൃഷി ഓഫീസർ | 18-05-2022 | 31-03-2023 |
| ഡോ റൂബി വിദ്യാധരൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-01-2023 |
| ഡോ ഡേവിഡ് എബ്രഹാം | വെറ്ററിനറി സർജൻ | 01-02-2023 | 31-03-2023 |
| ശ്രീ പി പി ഉമ്മർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ദിവ്യ ജി എൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല. | 1-1-3 |
| 5 | ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-4 |
| 6 | ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-3 |
| 9 | സാമ്പത്തിക വിശകലനം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമ പെൻഷൻ | 1-7 |
| 13 | ക്യാഷ് വെരിഫിക്കേഷൻ. | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 16 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ -അവലോകനം | 1-11 |
| 17 | തനത് വരുമാനം സംബന്ധിച്ച അവലോകനം. | 1-12 |
| 18 | ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല | 1-13 |
| 19 | റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി- വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ് | 1-14 |
| 20 | അധിക നിർമ്മാണം ക്രമവത്ക്കരിച്ചിട്ടില്ല | 1-15 |
| 21 | ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാത്ത നിർമ്മാണങ്ങൾ ക്രമവൽകരിക്കേണ്ടതാണ്. | 1-16 |
| 22 | കരാർ തുകയിൽ പരിമിതപ്പെടുത്താതെ മുഴുവൻ തുകയും നൽകി | 1-17 |
| 23 | പൊതുമരാമത്ത് പ്രവർത്തികൾ അവലോകനം | 1-18 |
| 24 | എസ്.എസ്.കെ വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-19 |
| 25 | പരിരക്ഷാ പദ്ധതി ജനറൽ അപാകതകൾ | 1-20 |

| | | |
|---|---|---|
| 26 | പരിരക്ഷാ മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്. | 1-21 |
| 27 | എഫ് എച്ച് സിയിലേക്ക് മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്. | 1-22 |
| 28 | ലൈഫ് ഭവനപദ്ധതി -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-23 |
| 29 | ലൈഫ് ഭവനപദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്. | 1-24 |
| 30 | ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-25 |
| 31 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ- അപാകതകൾ | 1-26 |
| 32 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് -ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ് | 1-27 |
| 33 | കൃഷിഭവൻ സജ്ജീകരണം- അപാകതകൾ | 1-28 |
| 34 | ഡ്രൈനേജ് പ്രവൃത്തി - കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 1-29 |
| 35 | കുടിവെള്ള/ ജലസേചന പദ്ധതികളിൽ പുതിയ പമ്പ് സെറ്റ് സ്ഥാപിക്കൽ- പഴയ പമ്പ് സെറ്റുകൾ ലേലം ചെയ്തില്ല | 1-30 |
| 36 | കൺവീനർമാർക്ക് ഓവർഹെഡ് ചാർജ് അനുവദിച്ച് നൽകി | 1-31 |
| 37 | ആദായ നികുതി കുറവായി ഈടാക്കി | 1-32 |
| 38 | തെരുവ് വിളക്ക് റിപ്പയർ/സ്ഥാപിക്കൽ പ്രവൃത്തികളിലെ അപാകതകൾ | 1-33 |
| 39 | മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ | 1-33-1 |
| 40 | മിനിമാസ്റ്റ് ലൈറ്റുകൾക്ക് എ.എം.സി പദ്ധതിയിലെ അപാകതകൾ | 1-33-2 |
| 41 | തെരുവ് വിളക്ക് റിപ്പയർ (എൽ.ഇ.ഡി) എ.എം.സി പദ്ധതിയിലെ അപാകതകൾ | 1-33-3 |
| 42 | തെരുവ് വിളക്ക് സി.എഫ്.എൽ മാറ്റി എൽ.ഇ.ഡി സ്ഥാപിക്കൽ പദ്ധതിയിലെ അപാകതകൾ | 1-33-4 |
| 43 | തെരുവ് വിളക്ക് റിപ്പയർ പദ്ധതികൾ - അപാകതകൾ | 1-33-5 |
| 44 | തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിക്കലും എ.എം.സിയും ചെയ്യൽ പദ്ധതിയിലെ അപാകതകൾ | 1-33-6 |
| 45 | ഫെസ്റ്റിവൽ അഡ്വാൻസ് -തുക തിരിച്ചടവാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ് | 1-34 |
| 46 | ഇലക്ട്രിഫിക്കേഷൻ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-35 |
| 47 | പത്ര പരസ്യം-അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ് | 1-36 |
| 48 | പഞ്ചായത്ത് ഹാളിൽ സ്റ്റേജ് നിർമ്മാണവും സൗകര്യമൊരുക്കലും - അപാകതകൾ പരിഹരിക്കേണ്ടതാണ് | 1-37 |
| 49 | KSEBയിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-38 |
| 50 | K.W.A യിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് | 1-39 |

| | | |
|---|---|---|
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഡ്രൈനേജ് പ്രവർത്തി കോൺക്രീറ്റിന് അധിക നിരക്ക് നൽകി | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക കണക്ക് ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നിൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ തിരിച്ചടവിന്റെ വിവരം | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ്(അകൗണ്ട്സ് )ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് /കേന്ദ്ര ഗവൺമെന്റ് ,ധനകാര്യ കമ്മീഷൻ, മറ്റു ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ നിർദേശങ്ങളും പാലിക്കൽ നിർദേശങ്ങളും അനുസരിച്ച് പുലാമന്തോൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.7.2023 ലെ 2(1) തീരുമാന പ്രകാരം തയ്യാറാക്കി 12-07-2023 തീയ്യതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിച്ചിട്ടുള്ള പുലാമന്തോൾ ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റെസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം& എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്യതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii)C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ നിർദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗനിർദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, പുലാമന്തോൾ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം:

തീയതി:

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (₹6514465/-), മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (₹9451317/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായിട്ടില്ല.

### 1-1-4 ബാങ്ക് റീകൺസിലിയേഷന് പത്രിക സാക്ഷ്യപ്പെടുത്തുന്നില്ല.

ബാങ്ക് റീകൺസിലിയേഷന് പത്രിക എല്ലാ മാസവും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
തുടർ മാസങ്ങളിലെ റീകൺസിലിയേഷൻ പത്രിക സെക്രട്ടറി സാക്ഷ്യപെടുത്തി സൂക്ഷിക്കുന്നതാ ണെന്ന് മറുപടി നല്കി

## 1-1-5 ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സൂക്ഷിക്കുന്നില്ല

ബിൽഡിംഗ് പെർമിറ്റ്/റഗുലറൈസേഷൻ, പാരാമെഡിക്കൽ രജിസ്ട്രേഷൻ, ട്യൂട്ടോറിയൽ രജിസ്ട്രേഷൻ, ഡിമാന്റ് രജിസ്റ്ററുകൾ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്താത്ത തിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ,ബാലൻസുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | ( പുതുക്കിയത് ) തീരുമാന നമ്പർ./തിയ്യതി |
|---|---|
| 1 (1) , 26/03/2022 | 2 (1) , 22/03/2023 |

## 1-3 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 21149993 | 21149993 | 19189806 | 1960187 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4811185 | 4811185 | 4752451 | 58734 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 12129000 | 12129000 | 9326236 | 2802764 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6661000 | 6661000 | 6249346 | 411654 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Tied | 0 | 6394854 | 6394854 | 7715008 | -1320154 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - Un Tied | 0 | 4141000 | 4141000 | 4469406 | -328406 |

## 1-4 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 27516330 |
| വരവ് | 202174404 |
| ആകെ | 229690734 |
| ചെലവ് | 192723087 |
| നീക്കിയിരിപ്പ് | 36967947 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 249 | 197593633 | 181 | 93365757 | 36 | 32 | 72.98 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 44 | 1021618 | 1021662 | 525757 | 495905 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 22240000 | 22240000 | 22240000 | 0 |

## 1-7 ക്ഷേമ പെൻഷൻ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | |
| കർഷകതൊഴിലാളി വേതനം | 5669600 | 3705 |
| വിധവാപെൻഷൻ | 17998400 | 11372 |
| വാർദ്ധക്യകാലപെൻഷൻ | 26726800 | 18066 |
| വികലാംഗപെൻഷൻ | 6048000 | 3834 |
| വിവാഹ ധനസഹായം | 150000 | 5 |
| 50 വയസ്സിനു മുകളിൽ.....സഹായം | 990200 | 636 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.08.2023 ന് 1.50 Pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 20005/-രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1 സ.ഉ (കൈ) 84/22 തസ്വഭവ തി. 19.4.22 മാർഗരേഖ പ്രകാരം പ്രൊജെക്ട് നിർവഹണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം . എന്നാൽ മോണിറ്ററിംഗ് കാര്യക്ഷമമായി നടക്കുന്നില്ല
2 2022-23 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ 4 യോഗങ്ങൾ വീതം ചേർന്നിട്ടുണ്ടെങ്കിലും മിക്ക വർക്കിംഗ് ഗ്രൂപ്പുകളും അവസാനത്തെ 2 യോഗങ്ങളിൽ തീരുമാനങ്ങൾ രേഖപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12/27/22 | OCTOBER & NOVEMBER 2022 | 12/27/22 |
| എ.ജി ഓഡിറ്റ് | 18/09/17 മുതൽ 07/10/17 വരെ | 2012-13 മുതൽ 07/10/17 | 16/11/2017 |

| | | | |
|---|---|---|---|
| | | വരെ | |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡെപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തുവരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/മൂല്യനിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധനക്ക് വിധേയമാക്കലാണ് ഈ അവലോകനത്തിന്റെ ലക്ഷ്യം. 2012-13 മുതൽ 2021-22വരെയുള്ള കാലയളവുകളിലെ ഈ വകുപ്പ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ , പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്‌വെയറിൽ (സുലേഖ) നിന്നുള്ള വിവരങ്ങൾ എന്നിവ അടിസ്ഥാനമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഓഡിറ്റ് എൻക്വയറി [എൻക്വയറി നമ്പർ 10/1.8.2023] നൽകുകയും, ആയതിന് സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിക്കുകയും ചെയ്താണ് അവലോകനം തയ്യാറാക്കിയിട്ടുള്ളത്.

ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് (2) | സാമ്പത്തിക വർഷം (3) | ഏജൻസി (4) | മുൻകൂർ നൽകിയ തുക (5) | ഫണ്ട് ഇനം (6) | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യനിർണ്ണയം പ്രകാരം) (7) | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക (8) |
|---|---|---|---|---|---|---|---|
| 1 | ആലംപാറ പൊതുവാച്ചോല പൈപ്പ് ലൈൻ നീട്ടൽ | 2014-15 | KWA | 67000 | തനത് ഫണ്ട് | 63202 | 3798 |
| 2 | ഞെരവത്ത് പറമ്പ് പൈപ്പ് ലൈൻ നീട്ടൽ | 2014-15 | KWA | 150000 | തനത് ഫണ്ട് | 0 | 150000 |
| 3 | മാടായി തൊടി കോളനി പൈപ്പ് ലൈൻ നീട്ടൽ | 2014-15 | KWA | 75000 | തനത് ഫണ്ട് | 0 | 75000 |
| 4 | മലയച്ചം പുലാക്കൽ കോളനി പൈപ്പ് ലൈൻ നീട്ടൽ | 2014-15 | KSEB | 123000 | തനത് ഫണ്ട് | 0 | 123000 |

മേൽ പ്രവൃത്തികളിലായി 351798/- രൂപ വിവിധ ഏജൻസികളിൽ നിന്നും തിരിച്ച് ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ആയത് ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 തനത് വരുമാനം സംബന്ധിച്ച അവലോകനം.

തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുലാമന്തോൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും

തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ഉയർന്ന് വന്നിട്ടില്ല. നികുതി പിരിവിന്റെ പുരോഗതി വിവരം, പൊളിച്ചു കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് വർഷത്തിൽ 20 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ മുന്നോട്ട് വെച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതി വരുമാനത്തിന്റെയും ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ വിശകലനം ചെയ്യുന്നുണ്ടെങ്കിലും, മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും ചർച്ച ചെയ്യപ്പെടുന്നില്ല.

2). ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്ന പ്രകാരമാണ് പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| Property Tax | 70,00,000 | 68,01,661 | 198339 |
| Profession Tax | 2700000 | 20,16,965 | 683035 |
| Licence Fees | 4,50,000 | 2,11,090 | 238910 |
| Building Permit | 6,05,000 | 273,735 | 331265 |

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പുലാമന്തോൾ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക വിജ്ഞാപനം) 13.04.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 2/1 നമ്പർ തീരുമാന പ്രകാരം 15.05.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (കരട്) 13.04.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 2/3 നമ്പർ തീരുമാന പ്രകാരം 13.04.2023 ന്

പരസ്യപ്പെടുത്തിയിട്ടുണ്ട്. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല.

4). വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് പഞ്ചായത്ത് സമിതി യോഗം 2/3 നമ്പർ തീരുമാന പ്രകാരം 13.04.2023 ന് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

5). മേഖലകളുടെ തരം തിരിവും അതിർത്തികളും സംബന്ധിച്ച അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് 06.07.2023 ലെ 1/1 നമ്പർ തീരുമാന പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

6). പുതുക്കിയ വസ്തുനികുതി നിരക്ക് സംബന്ധിച്ച പ്രാഥമിക നോട്ടീസ് 15.05.2023 പരസ്യപ്പെടുത്തിയിട്ടുണ്ട്.എന്നാൽ വസ്തു നികുതി പരിഷ്കരണം നടപ്പാക്കരുതെന്ന് ആവശ്യപ്പെട്ട കൊണ്ട് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത്തരം അപേക്ഷകൾ ഭരണസമിതി നിരസിക്കുകയും, 06.07.2023 ലെ 1/1 തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചു. പുതുക്കിയ നികുതി നിരക്കുകൾ സംബന്ധിച്ച അന്തിമ വിജ്ഞാപനം പഞ്ചായത്താഫീസ്, മറ്റ് സ്ഥാപനങ്ങളിലും, ദിനപത്രങ്ങളിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

7). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ നികുതി നിർണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ എന്നിവ സംബന്ധിച്ച് 690 അപേക്ഷകൾ കെട്ടിട ഉടമകൾ പഞ്ചായത്ത് ഓഫീസിൽ സമർപ്പിച്ചിട്ടുണ്ട് .നാളിതു വരെയും അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്.ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ സഞ്ചയസോഫ്റ്റ് വെയറിൽ ചേർക്കുന്നതിന് മതിയായ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലൂടെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

പുലാമന്തോൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കേണ്ടതാണ്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള സർവ്വീസ് ചാർജ്  .

പുലാമന്തോൾ ഗ്രാമപഞ്ചായത്തിൽ കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളില്ല.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് / വ്യാപാര സ്ഥാപനങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച ട്രേഡേഴ്സ് ലിസ്റ്റ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം പഞ്ചായത്തിലെ 3 റേഷൻ കടകളിൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന റേഷൻ ഡീലേഴ്സിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കേണ്ടതാണ്.

3. കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടും അല്ലെങ്കിൽ കൈവശക്കാരനോട്ടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

ലൈസൻസ് ഫീസ്.

2022-23 സാമ്പത്തിക വർഷത്തിൽ 681 സ്ഥാപനങ്ങളിൽ നിന്നായി 211,090/- രൂപയാണ് ലൈസൻസ് ഫീസ് ഇനത്തിൽ ലഭിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചില്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ലൈസൻസ് ഫീസ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

സിനിമാ തിയേറ്ററുകളിൽ നിന്നുള്ള നികുതി വരവ് .

പുലാമന്തോൾ ഗ്രാമപഞ്ചായത്തിൽ സിനിമാ തിയേറ്ററുകൾ പ്രവർത്തിക്കുന്നില്ല.

## 1-13 ഇ ടെണ്ടർ -ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായില്ല

2022-23വർഷത്തിൽ 37 പ്രവർത്തികൾ ഇ ടെണ്ടർ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ടെണ്ടർ ഫോറത്തിന്റെ വിലയായി 43615 രൂപ ലഭ്യമാക്കാനുണ്ട്.അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ (A/cNo. 00000037269219626 SBI പുലാമന്തോൾ)2022-23 വർഷത്തിൽ തുക വരവ് വന്നതായോ തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കിയതായോ കാണുന്നില്ല.ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.27/18.8.2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇ ടെണ്ടർ ഇനത്തിലുള്ള തുക കിട്ടാനുള്ള തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതും ആയത് ലഭ്യമാക്കി വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-14 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി- വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവ്

2011 ലെ കേരളാ പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 2 പ്രകാരം 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതിയിൽ 20% വർദ്ധനവ് നൽകേണ്ടതാണ്.

2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ച ഫയലുകൾ പരിശോധിച്ചതിൽ

മേൽചട്ടപ്രകാരമുള്ള നികുതി വർദ്ധനവ് വരുത്താത്തതിനാൽ നികുതിയിനത്തിൽ നഷ്ടം വന്നിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിട ഉടമ/സർവ്വെ നമ്പർ | കെട്ടിടനമ്പർ വിസ്തീർണ്ണം | നികുതി നിർണ്ണയിച്ചത് | നികുതി നിർണ്ണയിക്കേണ്ടത് | കുറിപ്പ് |
|---|---|---|---|---|---|
| 1 | ജമാലുദ്ദീൻ<br>9/183/C<br>9/183/D | 9/183/C<br>(വാണിജ്യം)<br>15.05 M2 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല)<br>407<br>21 LC | (15.05x30)+20% (road) - 10% (മേഖല)=497<br>25 LC | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 10 മീറ്റർ വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |
| | | 9/183/D<br>(വാണിജ്യം)<br>15.05 M2 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല)<br>407<br>21 LC | (15.05x30)+20% (road) - 10% (മേഖല)=497<br>25 LC | |
| 2 | ഫസൽ കെ പി കല്ലേത്തൊടി<br>17/287E<br>17/287F<br>17/287G | 17/287E<br>(വാണിജ്യം)<br>17.15 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല<br>464+24 | (17.15x30)+20% (road) - 10% (മേഖല)<br>566 +28 LC | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 8 മീറ്റർ വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |
| | | 17/287F<br>(വാണിജ്യം)<br>17.15 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല<br>464+24 | (17.15x30)+20% (road) - 10% (മേഖല)<br>566 +28 LC | |
| | | 17/287G<br>(വാണിജ്യം)<br>17.15 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല<br>464+ 24 | (17.15x30)+20% (road) - 10% (മേഖല)<br>566 +28 LC | |
| 3 | ബഷീർ<br>18/23E | 18/23E<br>(വാണിജ്യം)<br>42.65 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല)<br>1024<br>52 LC | (42.65x30)+20% (road) - 10% മേഖല =1407<br>70 LC | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 6 മീറ്റർ വീതിയുള്ള റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |
| 4 | വീരാൻകുട്ടി കടശ്ശേരി<br>3/313 | 3/313B<br>(വാണിജ്യം)<br>38.03 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല | (38.03X30)+20% (road) - 10% (മേഖല)= | അംഗീകൃത പ്ലാൻ പ്രകാരം കെട്ടിടം സ്ഥിതി ചെയ്യുന്നത് 12 മീറ്റർ വീതിയുള്ള |

| | | | | | |
|---|---|---|---|---|---|
| | | | 1029<br>52 LC | 1255<br>63 LC | |
| | | 3/313C<br>(വാണിജ്യം)<br>38.03 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല<br>1029<br>52 LC | (41.9X50)+20% (road) - 10% (മേഖല)=2305<br>+116 LC | |
| | | 3/313 D<br>(വാണിജ്യം)<br>38.03 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല<br>1029<br>52 LC | 67.65x50+20% (road) - 10% (മേഖല)=3721+<br>187 LC | |
| | B,C.D,E,F,G | 3/313 E<br>(വാണിജ്യം)<br>48.33 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല)<br>1305<br>66 LC | (48.33X30)+20% (road) - 10% (മേഖല)<br>1595<br>80 LC | റോഡിന് സമീപത്താണ്. ആയത് പ്രകാരമുള്ള 20% വർദ്ധനവ് ഉൾപ്പെടുത്താതെയാണ് നികുതി നിർണ്ണയിച്ചത്. |
| | | 3/313 F<br>(വാണിജ്യം)<br>48.33 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല)<br>1305<br>66 LC | (48.33X30)+20% (road) - 10% (മേഖല)<br>1595<br>80 LC | |
| | | 3/313 G<br>(വാണിജ്യം)<br>48.33 | (@ 30 & 10% ഇളവ് ദ്വിതീയ മേഖല)<br>1305<br>66 LC | (48.33X30)+20% (road) - 10% (മേഖല)<br>1595<br>80 LC | |

വസ്തുനികുതി നിർണ്ണയത്തിൽ വന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/17.08.2023 ന് മറുപടി ലഭ്യമായില്ല. നികുതി പുനർനിർണ്ണയിച്ച് ഫോറം 6 സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-15 അധിക നിർമ്മാണം ക്രമവത്ക്കരിച്ചിട്ടില്ല

നിലവിലുള്ള കെട്ടിടത്തിൻമേലുള്ള അധിക നിർമ്മാണത്തിനുള്ള പെർമിറ്റ് അപേക്ഷയുടെ കൂടെയുള്ള പ്ലാനിൽ നിലവിലുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം പഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയ രേഖകൾ പ്രകാരമുള്ള വിസ്തീർണ്ണത്തിൽ നിന്നും അധികരിച്ചാണ് കാണിച്ചിരിക്കുന്നത്. പഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചതിന് ശേഷം കെട്ടിടത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട് എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. എന്നാൽ ഈ അധിക വിസ്തീർണ്ണം മതിയായ ഫീസ് ഈടാക്കി ക്രമവത്കരിച്ച് നൽകാതെയാണ് പുതുതായി അധിക നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുന്നത്. വിശദ വിവരം താഴെ ചേർക്കുന്നു.

ഫയൽ നം. A4/75/752/2022 Dtd 25.05.2022

പെർമ്മിറ്റ് നം. 76/2020 Dtd 24.12.2020

സർവ്വേ നം. 30/4-1 (.0760 Ha)

| ക്രമ നമ്പർ | കെട്ടിടയുടമയുടെ പേരും വിലാസവും. | കെട്ടിടത്തിന്റെ വിവരം. | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം. |
|---|---|---|---|
| 1 | ശ്രീ. അബൂബക്കർ കുറവക്കുന്നൻ (3/491 A,B,D,E,F) 69.502 X 5 = 347.51 $M^2$ | സ്പെഷ്യൽ റസിഡൻൻഷ്യൽ കെട്ടിടം, തറ വിസ്തീർണ്ണം- Existing G.F- 426.27 $M^2$ F.F(Completion)- 348.65 $M^2$ | സഞ്ചയ പ്രകാരം 347.51 $M^2$ആണ് നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. എന്നാൽ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 426.27$m^2$ആണ്. അധികമുള്ള 78.76 $M^2$ ക്രമവത്കരിക്കാതെയാണ് 348.65$m^2$ അധികനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. |

അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 17/17.08.2023 ന്
ശ്രീ അബൂബക്കർ കുറവക്കുന്നൻ എന്നവർ പഞ്ചായത്ത് വസ്തുനികുതി നിർണ്ണയിച്ചതിനുശേഷം അനധികൃതമായി വർദ്ധിപ്പിച്ച വിസ്തീർണ്ണം ക്രമവത്കരിക്കണമെന്ന് ആവശ്യപ്പെട്ട് കെട്ടിട ഉടമയ്ക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു . പ്രസ്തുത നിർമാണം ക്രമവത്കരിച്ച് ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-16 ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാത്ത നിർമ്മാണങ്ങൾ ക്രമവൽകരിക്കേണ്ടതാണ്.

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി.

വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | കെട്ടിട നമ്പർ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം വിസ്തീർണ്ണം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം വിസ്തീർണ്ണം |
|---|---|---|---|
| YMLP School, Chemmala | 14/126/I | 644.66 $M^2$ | 1214.38 $M^2$ |
| AMUPസ്കൂൾ, ചേലക്കാട് | 3/38/A 3/40/D 3/40/E | 848 $M^2$ | 1399.48 $M^2$ |
| AMLP സ്കൂൾ, കുരുവമ്പലം | 19/194/C | 476$M^2$ | 1296$M^2$ |

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. ഗ്രാമ പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തേണ്ടതും നിയമാനുസൃതം തുടർ നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അപാകത

സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 33 /2022-23/18.08.2023 ന് 2023-24 സാമ്പത്തിക വർഷം മുതൽ വസ്തു നികുതി പരിഷ്കരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് പരിധിയിലെ എല്ലാ അനധികൃത നിർമാണ പ്രവർത്തനങ്ങളും കണ്ടെത്തുകയും ആയതിൽ നിയമാനുസൃതമുള്ള തുടർ നടപടി സ്വീകരിക്കുന്നതുമാണെന്ന് മറുപടി നല്കി. നിയമാനുസൃതമല്ലാതെ നിർമ്മിക്കുന്ന കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 കരാർ തുകയിൽ പരിമിതപ്പെടുത്താതെ മുഴുവൻ തുകയും നൽകി

താഴെ കാണുന്ന പ്രവത്തിയുടെ ഫയൽ പരിശോധിച്ചതിൽ കരാർ തുകയിൽ പരിമിതപ്പെടുത്താതെ മൂല്യ നിർണ്ണയ പ്രകാരമുള്ള മുഴുവൻ തുകയും നൽകിയതായി കാണുന്നു.

പ്രവൃത്തി-പട്ടന്മാര് തൊടി എസ്.സി കോളനി ശ്മശാനം ചുറ്റുമതിൽ നിർമ്മാണം(S0041/23)
നിർവ്വഹണം: അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ 300000-

ചെലവ് - 299598

(വൗച്ചർ നം 1/17.05.2022/299598

(വികസന ഫണ്ട്)

PAC- 265545

അളവ് പുസ്തകം 226/21-22

കരാറുകാരൻ - കുഞ്ഞഹമ്മദ്.ടി

കരാർ. AE/LSGD/PML/001/20-21Dt.27.04.2020

മൂല്യ നിർണ്ണയം - 267498

മൂല്യനിർണ്ണയം പരിമിതപ്പെടുത്തി നൽകേണ്ടത് 265545

അധികം - 2187 (1953 +234 (12% GST)

മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.15/16.08.2023 ന് മറുപടി ലഭ്യമാക്കിയില്ല.അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 പൊതുമരാമത്ത് പ്രവർത്തികൾ അവലോകനം

2022-23വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 125 പ്രൊജക്കുകളാണ് തയ്യാറാക്കിയത്. ഇതിൽ 82 പ്രൊജക്കുകളിലായി ആകെ 17863770 രൂപ മാത്രമാണ് ചെലവഴിക്കാനായത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 125 | ആകെ അടങ്കൽ | 25676013 |
| നടപ്പിലാക്കിയത് | 82 | ചെലവ് | 17863770 |
| ശതമാനം | 65.6 | ചെലവ് ശതമാനം | 69.57 |

റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും

തയ്യാറാക്കണംമെന്നും റോഡ് കണക്റ്റിവിറ്റിയോടൊപ്പം തന്നെ സ്വാഭാവിക ജല നിർഗമനം സുഗമമാക്കുന്നതിനുള്ള ഡ്രൈനേജ് പ്ളാനും തയ്യാറാക്കണമെന്ന് സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തി.19/04/2022 പദ്ധതി മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല. റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുന്നാ ക്രമത്തിൽ മാത്രം പ്രൊജക്കുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയില്ല.

മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപോഗപ്പെടുത്തി തദ്ദേശസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽ നോട്ടത്തിലുമുള്ള റോഡ്,റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും,അംഗീകൃത ഏജൻസികളെ ഉപയോഗിച്ച് ജി.ഐ.എസ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി ആസ്തികളുടെ ഡിജിറ്റൈസേഷൻ നടത്തി ആസ്തിരജിസ്റ്റർ കുറ്റമറ്റതുംകാലികവും ആക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ള താണ്.എന്നാൽ അപ്രകാരം ആസ്തിരജിസ്റ്റർ തയ്യാറാക്കിയത് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം

2022-23 വർഷത്തിൽ 2.6.2022,23.7.2022,6.12.2022,22.2.2023 ലായി ആകെ 4 തവണ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്നിട്ടുണ്ട്

മോണിട്ടറിംഗ്

സ.ഉ(കൈ)നം.84/2022/ത.സ്വ.ഭ.വ തി.19/04/2022 പദ്ധതി മാർഗ്ഗ രേഖ പ്രകാരം പ്രൊജക്ട് മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണെന്നും മോണിട്ടറിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ പൊതുമരാമത്ത് പ്രവർത്തികൾക്ക് നിലവിലുള്ള പ്രാദേശിക മോണിട്ടറിംഗ് സംവിധാനത്തിന് പുറമെ പൊതുമരാമത്ത് മാന്വൽ അനുശാസിക്കും വിധം മോണിട്ടറിംഗ് സംവിധാനം കൂടി നടപ്പിലാക്കണമെന്നും തുടക്കമെന്ന നിലയിൽ ആകെ പ്രൊജക്ടുകളുടെ ഒരു ശതമാനം പ്രൊജക്ടുകളെങ്കിലും റാൻഡം രീതിയിൽ തെരെഞ്ഞെടുത്ത് പൊതുമരാമത്ത് മാന്വൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള ഗുണ നിലവാരമുള്ള പരിശോധനക്ക് വിധേയമാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.എന്നാൽ അപ്രകാരം ചെയതതിന്റെ രേഖകൾ ലഭ്യമല്ല.

കാഷ് ബുക്ക് സൂക്ഷിപ്പ് അപാകതകൾ

കാഷ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1.ഓരോ ദിവസവും കാഷ് ബുക്ക് എഴുതി ക്ളോസിംഗ് ബാലൻസ് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.കാഷ് ബുക്കിലെ എല്ലാ എൻട്രികളും ഡി.ഡി.ഒ സാക്ഷ്യപ്പെടുത്തേണ്ടതാണെന്നിരിക്കെ അപ്രകാരം ചെയ്തിട്ടില്ല.

3.തെറ്റായ എൻട്രികൾ കാൻസൽ ചെയ് തത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.കാഷ് ബുക്കിന്റെ ആദ്യ പേജിൽ പേജ് നമ്പർ എഴുതി സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5.കളക്ഷൻ രജിസ്റ്റർ പ്രകാരം പിരിച്ച തുകകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.32/18.08.23 നൽകിയെങ്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 1-19 എസ്.എസ്.കെ വിഹിതം അടവാക്കൽ- രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട് : എസ്.എസ്.കെ വിഹിതം അടവാക്കൽ

നം : S0087/2023

അടങ്കൽ - 4,00,000 (വികസന ഫണ്ട് )

ബിൽ നം.15/30-08-2022 : 4,00,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 4,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഓഫീസർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക8-6 (3),(4),(5) പ്രകാരം എസ്.എസ്.കെ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കേണ്ടതാണ്. ഇപ്രകാരം പ്രൊജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. 4,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ധനവിനോയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചിലവ് തുക 4,00,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 പരിരക്ഷാ പദ്ധതി ജനറൽ അപാകതകൾ

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്ട് നമ്പർ/പേര് | 10/22-23 പരിരക്ഷ പാലിയേറ്റിവ് കെയർ |
| ആകെ അടങ്കൽ | 3,00,000രൂപ വികസന ഫണ്ട് |

| | |
|---|---|
| | 1,00,000 രൂപ തനത് ഫണ്ട്<br>6,00,000 രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 2,99,990 രൂപ വികസന ഫണ്ട്<br>88,610 രൂപ തനത് ഫണ്ട്<br>6,00,000 രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി പുലാമന്തോൾ |

സ.ഉ (സാധ)നം 553/19 തസ്വഭവ തി. 7.3.19 പ്രകാരം പാലിയേറ്റിവ് പരിചരണങ്ങൾ സംബന്ധിച്ച പരിഷ്കരിച്ച മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്

1 മേൽ ഉത്തരവ് ഖ.2.9.1 പ്രകാരം പാലിയേറ്റിവ് പദ്ധതികളുടെ നടത്തിപ്പിനും മേൽനോട്ടത്തിനും ഓരോ സാമ്പത്തിക വർഷത്തിലും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർ പേഴ്സണായും മെഡിക്കൽ ഓഫീസർ മെമ്പർ സെക്രട്ടറിയായും പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതും 2 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതും ഓരോ മാസത്തെ വരവ് ചെലവ് കണക്കുകൾ മെമ്പർ സെക്രട്ടറി യോഗത്തിൽ അവതരിപ്പിക്കേണ്ടതും പിഎംസി ആയത് അംഗീകരിക്കേണ്ടതുമാണ്. പി എം സി മിനുട്ട്സ് പരിശോധിച്ചതിൽ 2022-23 വർഷത്തിൽ ആകെ 3 തവണ മാത്രമാണ് പിഎംസി യോഗം ചേർന്നിട്ടുള്ളത്.യോഗം ചേരുന്ന തിയതിയിൽ മുൻ മാസങ്ങളിലെ വരവ് ചെലവ് കണക്കുകൾ ഒന്നിച്ച് അംഗീകരിക്കുകയാണ് ചെയ്തു വരുന്നത്.

2 വാഹന വാടകയിനത്തിൽ ശ്രീ ഹംസ തയ്യിൽ ( KL56A 5138) എന്നയാൾക്ക് 2,02,400 രൂപ നൽകിയിട്ടുണ്ട്.ഇൻകംടാക്സ് നിയമം സെക്ഷൻ 194C പ്രകാരം ടിയാനിൽ നിന്ന് 1% ആദായനികുതി (2024 രൂപ) ഈടാക്കേണ്ടതാണ്.പ്രസ്തുത വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയിലെ പരാമർശത്തിന് മറുപടി ലഭ്യമാക്കിയില്ല.

3 പരിരക്ഷാ പദ്ധതിയിൽ 3,47,271 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ഖ. 1-21ൽ പരാമർശിച്ചിട്ടുണ്ട്.

4 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. എന്നാവശ്യപ്പെട്ട് നമ്പർ6/11.8.23പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. തുടർന്ന് പി എം സി മിനുട്ട്സ് , ദീർഘകാല പരിചരണം ആവശ്യമായ രോഗികളുടെ വാർഡടിസ്ഥാനത്തിലുള്ള ലിസ്റ്റ് എന്നിവ ഹാജരാക്കി. ഖണ്ഡികയിൽ പരാമർശിച്ച മറ്റ് അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-21 പരിരക്ഷാ മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്റ്റ് നമ്പർ/പേര് | 10/22-23 പരിരക്ഷ പാലിയേറ്റിവ് കെയർ |
| ആകെ അടങ്കൽ | 3,00,000രൂപ വികസന ഫണ്ട്<br>1,00,000 രൂപ തനത് ഫണ്ട്<br>6,00,000 രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 2,99,990 രൂപ വികസന ഫണ്ട്<br>88,610 രൂപ തനത് ഫണ്ട്<br>6,00,000 രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി പുലാമന്തോൾ |

പരിരക്ഷാ പദ്ധതിക്ക് മരുന്ന് വാങ്ങുന്നതിനായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | തുക അടവാക്കിയ സ്ഥാപനം | അടവാക്കിയ തുക | തുക അടവാക്കിയതിന്റെ വിവരം | |
|---|---|---|---|---|
| | | | ബിൽ നമ്പർ | പ്രൊഫോർമ ഇൻവോയ്സ് നമ്പർ |
| 1 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 3,00,000 | 37/22-23 തി.22.12.22 | PRF2539/25.11.22 |
| 2 | കേരള മെഡിക്കൽ | 2,00,000 | 50/22-23 | PRF4581/20.2.23 |

| | | | | |
|---|---|---|---|---|
| | സർവ്വീസസ് കോർപ്പറേഷൻ | | തി.8.3.23 | |
| | ആകെ | 5,00,000 | | |

പരിരക്ഷ ഫയൽ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം മരുന്നുകൾ ലഭ്യമായതായി കാണുന്നു.

| ക്രമനമ്പർ 1 | | ക്രമനമ്പർ 2 | |
|---|---|---|---|
| ഇൻവോയ്സ് നമ്പർ/ തിയതി | ലഭ്യമായ മരുന്നിന്റെ വില | ഇൻവോയ്സ് നമ്പർ/ തിയതി | ലഭ്യമായ മരുന്നിന്റെ വില |
| 10188/21.6.23 | 4597 | 9892/19.6.23 | 1672 |
| 3959/17.5.23 | 14237 | 6689/30.5.23 | 31813 |
| 6188/26.5.23 | 4377 | 10411/24.6.23 | 15859 |
| 8601/10.6.23 | 63228 | 13026/15.7.23 | 11670 |
| 9885/19.6.23 | 5276 | ------ | ------- |
| ആകെ ലഭിച്ച മരുന്നിന്റെ വില | 91715 | | 61014 |
| ലഭിക്കുവാൻ ബാക്കിയുള്ള മരുന്നിന്റെ വില | 2,08,285 രൂപ | | 1,38,986 രൂപ |

ക്രമനമ്പർ 1,2 എന്നിവയിലായി 3,47,271(2,08,285+1,38,986) രൂപയുടെ മരുന്നുകൾ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുവാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 4/11.8.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.മരുന്നുകൾ ലഭ്യമായ വിവരം അറിയിക്കേണ്ടതാണ്.

## 1-22 എഫ് എച്ച് സിയിലേക്ക് മരുന്നുകൾ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്റ്റ് നമ്പർ/പേര് | 13/22-23 എഫ് എച്ച് സിയിലേക്ക് മരുന്ന വാങ്ങൽ |
| ആകെ അടങ്കൽ | 9,00,000 രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 8,99,997 രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി പുലാമന്തോൾ |

ചെമ്മലശ്ശേരി എഫ് എച്ച് സി യിലേക്ക് മരുന്നുകൾ വാങ്ങുന്നതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | തുക അടവാക്കിയ സ്ഥാപനം | അടവാക്കിയ തുക | തുക അടവാക്കിയതിന്റെ വിവരം | |
|---|---|---|---|---|
| | | | ബിൽ നമ്പർ | പ്രൊഫോർമ ഇൻവോയ്സ് നമ്പർ |
| 1 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 6,00,000 | 38/22-23 തി.22.12.22 | PRF2321/17.11.22 |
| 2 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ | 2,00,000 | 51/22-23 തി.8.3.23 | PRF4598/20.2.23 |
| 3 | ജന ഔഷധി മെഡിക്കൽ സ്റ്റോർ ബാലുശ്ശേരി | 4,99,99 | 12/26.8.22 | 20222311775/27.7.22 |
| 4 | ജന ഔഷധി കേന്ദ്രം എറണാകുളം | 38,218 | 59/24.3.23 | ------- |
| 5 | ജന ഔഷധി കേന്ദ്രം എറണാകുളം | 11,780 | 60/28.3.23 | ------- |

| | | | | |
|---|---|---|---|---|
| | ആകെ | 8,99,997 | | |

മരുന്ന വാങ്ങൽ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെ പറയും പ്രകാരം മരുന്നുകൾ ലഭ്യമായതായി കാണുന്നു.

| ക്രമനമ്പർ 1 | | ക്രമനമ്പർ 2 | |
|---|---|---|---|
| ഇൻവോയ്സ് നമ്പർ/ തിയതി | ലഭ്യമായ മരുന്നിന്റെ വില | ഇൻവോയ്സ് നമ്പർ/ തിയതി | ലഭ്യമായ മരുന്നിന്റെ വില |
| 24741/13.2.23 | 18480 | 9892/19.6.23 | 1672 |
| 24709/13.2.23 | 74424 | 6689/30.5.23 | 31813 |
| 23546/20.1.23 | 33264 | 10411/24.6.23 | 15859 |
| 9889/19.6.23 | 9755 | 13026/15.7.23 | 11670 |
| 27786/27.3.23 | 13709 | - | - |
| 27605/24.3.23 | 30856 | - | - |
| 951/18.4.23 | 38640 | - | - |
| 27267/20.3,23 | 74424 | - | - |
| 27946/28.3.23 | 14784 | - | - |
| 1085/19.4.23 | 11687 | - | - |
| 2895/10.5.23 | 3472 | - | - |
| 2215/6.5.23 | 3136 | - | - |
| 6183/26.5.23 | 8960 | - | - |
| 11479/5.7.23 | 10606 | - | - |
| 14314/28.7.23 | 96886 | - | - |
| ആകെ ലഭിച്ച മരുന്നിന്റെ വില | 443083 | | 61014 |
| ലഭിക്കുവാൻ ബാക്കിയുള്ള മരുന്നിന്റെ വില | 156917 | | 138986 |

ക്രമനമ്പർ 3,4 പ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടുണ്ട്.ക്രമനമ്പർ 1,2 എന്നിവ പ്രകാരം 2,95,903 (156917+138986) രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. ആയത് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.എന്നാവശ്യപ്പെട്ട് നമ്പർ 5/11.8.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-23 ലൈഫ് ഭവനപദ്ധതി -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈഫ് ഭവനപദ്ധതിയുടെ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ലൈഫ് ഭവനപദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം നൽകിയതായി കാണുന്നു. (2019-20 വർഷത്തിൽ കരാർ വെച്ച പ്രവൃത്തികൾ) മുൻ വർഷങ്ങളിലെ ബില്ലുകൾ പൂർണമായും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.രജിസ്റ്ററിൽ തുക നൽകിയതിന്റെ വിശദാംശങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് / മേൽവിലാസം/കരാർ തിയതി | ഗഡുക്കൾ | നൽകിയ തുക | തിയതി |
|---|---|---|---|---|
| 1 | ബിയ്യുമ്മ<br>D/o മൊയ്തുട്ടി<br>മണ്ണേങ്ങൽ ചേരിക്കല്ലിൻമേൽ<br>പുലാമന്തോൾ<br>വാർഡ് 10<br>കരാർ തിയതി-30.10.20 | 1 | 40,000 | 28.3.2021 |
| | | 2 | 40,000 | 29.11.2021 |
| | | 3 | 1,00,000 | 16.12.2021 |

| | | | | |
|---|---|---|---|---|
| 2 | പാർവതി<br>W/o ശങ്കരനാരായണൻ<br>പള്ളിയാൽത്തൊടി വീട്<br>പുലാമന്തോൾ<br>വാർഡ് 9<br>കരാർ തിയതി – 24.8.20 | 1 | 40,000 | 20.10.2020 |
| | | 2 | 1,20,000 | 10.3.2021 |
| 3 | സുശീല എം<br>W/o വേലായുധൻ<br>മുളക്കൽ വീട്<br>പാലൂർ<br>വാർഡ് 9<br>30.1.20 | 1 | 40,000 | 25.2.2020 |
| | | 2 | 1,60,000 | 25.2.2020 |
| | | 3 | 1,00,000 | 30.11.2020 |

മേൽ ഗുണഭോക്താക്കൾ നാളിതുവരെയായി തുടർ ഗഡുക്കൾ കൈപ്പറ്റുകയോ ഭവനനിർമ്മാണം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. മേൽ ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നമ്പർ 8/16.8.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.
ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ക്രമനമ്പർ 1 ബിയ്യുമ്മക്ക് കരാറിൽ ഏർപ്പെട്ടതു പ്രകാരം അഡ്വാൻസ് 40,000 രൂപയും തറ നിർമ്മാണം പൂർത്തിയാക്കി റിപ്പോർട്ട് ചെയ്തത് പ്രകാരം 1,40,000 രൂപയും അനുവദിച്ചുവെന്നും തുടർന്ന് നടത്തിയ അന്വേഷണത്തിൽ ഗുണഭോക്താവിനെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും മറുപടി നൽകിയിട്ടുണ്ട്.

ക്രമനമ്പർ 2 പാർവതി എന്ന ഗുണഭോക്താവിന് കരാറിലേർപ്പെട്ട ശേഷം അഡ്വാൻസ് 40,000 രൂപയും തറ നിർമ്മാണം പൂർത്തിയാക്കിയശേഷം 1,20,000 രൂപയും നൽകിയിട്ടുണ്ട്. നിലവിൽ കുടുംബസ്വത്തിലുള്ള വാസയോഗ്യമായ വീട്ടിലാണ് താമസിക്കുന്നതെന്നും നിലവിലെ സാഹചര്യത്തിൽ വീട് നിർമ്മാണം പൂർത്തിയാക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നും ഗുണഭോക്താവ് അറിയിച്ചിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥന മറുപടി നൽകിയിട്ടുണ്ട്.
ക്രമനമ്പർ 3 സുശീല എം എന്നവർക്ക് മേൽക്കൂര വരെ വീട് നിർമ്മാണം പൂർത്തിയാക്കിയതിനാൽ 3 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും കുടുംബപ്രശ്നങ്ങളെത്തുടർന്ന് ഭവനനിർമ്മാണം പൂർത്തീകരിച്ച് റിപ്പോർട്ട് ചെയ്തിരുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്.നിലവിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് അവസാന ഗഡു അനുവദിക്കുമെന്നും നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു.

ക്രമനമ്പർ 1 ബിയിയുമ്മ എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യം അന്വേഷണവിധേയമാക്കേണ്ടതാണ്. ക്രമനമ്പർ 2 പാർവതിക്ക് നിലവിൽ വാസയോഗ്യമായ വീടുള്ള സാഹചര്യത്തിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതിനെക്കുറിച്ച് അന്വേഷണം നടത്തേണ്ടതാണ്. ക്രമനമ്പർ 1,2 ഗുണഭോക്താക്കൾ ലൈഫ് ഭവനപദ്ധതിയിൽ നിന്ന് ആനുകൂല്യം കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത പക്ഷം ടി ഗുണഭോക്താക്കൾക്ക് നൽകിയ തുക തിരികെ ഈടാക്കുവാൻ ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്.ക്രമനമ്പർ 3 സുശീല എന്ന ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ച സാഹചര്യത്തിൽ അവസാന ഗഡു അനുവദിക്കാവുന്നതാണ്.

## 1-24 ലൈഫ് ഭവനപദ്ധതി -ഭവനനിർമ്മാണം പൂർത്തീകരിക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതിക്കായി 2022-23 വർഷത്തിൽ താഴെ പറയുന്ന പ്രൊജെക്കുകൾ പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്.(ഭവനനിർമ്മാണം 4,00,000 രൂപ)
നിർവഹണം-വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ)

| ക്രമനമ്പർ | പദ്ധതിയുടെ പേര് | ആകെ അടങ്കൽ | ആകെ ചെലവ് | കരാർ വെച്ച ഗുണഭോക്തക്കളുടെ എണ്ണം | ഭവനനിർമ്മാണം പൂർത്തീകരിച്ച വരുടെ എണ്ണം | ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻഅവശേഷിക്കുന്ന വരുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | 115/22-23 ലൈഫ് മിഷൻ പദ്ധതി എസ് സി പി | 20150000 | 26600000 | 18 | 1 | 17 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 114/22-23 ലൈഫ് മിഷൻ പദ്ധതി ജനറൽ | 2360000 | 2208757 | 6 | 4 | 2 |
| 3 | 82/22-23 ലൈഫ് മിഷൻ പദ്ധതി എസ് സി സ്പിൽ ഓവർ | 30760000 | 8040000 | 48 | 42 | 6 |
| 4 | 81/22-23 ലൈഫ് മിഷൻ പദ്ധതി ജനറൽ സ്പിൽ ഓവർ | 27700000 | 4340000 | 27 | 26 | 1 |

മേൽ പരാമർശിച്ചു പ്രകാരം വിവിധ പ്രൊജെക്ടുകളിലായി 26 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന ചെലവുകളുടെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് -

| ക്രമ നം. | വൗച്ചർ/ബിൽ നമ്പർ/ തീയതി | ചെലവ് വിവരം | തുക | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 22200284/08-07-2022 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ-പി.എച്ച്.സി-ക്ക് കൈമാറിയത് | 2,00,000 | ചെലവ് രേഖകൾ, വാർഡ് തല ശുചിത്വ സമിതികളുടെ ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെൻറ് |
| 2 | 22200775/12-12-2022 | പഞ്ചായത്ത് അസോസിയേഷൻ സബ്സ്ക്രിപ്ഷൻ (2019-20 മുതൽ 2022-23വരെ) | 24,000 | രശീതി |
| 3 | 22200651/21-10-2022 | സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ലൈബ്രറി സെസ് ഇനത്തിൽ നൽകിയ തുക | 73896 | രശീതി |
| 4 | 22201022/01-02-2023 | തദ്ദേശദിനം 2023 പ്രിൻസിപ്പൽ ഡയറക്ടർ LSGDക്ക് നൽകിയ തുക | 30,000 | രശീതി |

| | | | | |
|---|---|---|---|---|
| 5 | 22201024/03-03-2023 | ശുചിത്വമിഷൻ അന്താരാഷ്ട്ര ടെക്നോളജിക്കൽ കോൺക്ലേവിന് നൽകിയ വിഹിതം S0280/2023 | 25,000 | രശീതി |
| 6 | ബിൽ നം. 21/14-09-2022 ബിൽ നം.39/31-12-2022 | PMAY വിഹിതം അടവാക്കൽ (ജനറൽ) S0104/2023 പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന് നൽകിയ വിഹിതം | 250000 30000 | ഗ്രാമ പഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിവരം |
| 7 | 22200519/22-09-2022 | RGSA മലപ്പുറം ജില്ലാ പഞ്ചായത്ത് റിസോഴ്സ് സെന്റർ കെട്ടിട നിർമ്മാണം തുക നൽകൽ S0222/2023 | 105000 | DDP, മലപ്പുറത്തിൽ നിന്നുള്ള രശീതി, വിനിയോഗ സാക്ഷ്യപത്രം |
| | | ആകെ | 737896 | |

രേഖകൾ പരിശോധനക്ക് ലഭ്യാക്കാത്തതിനാൽ ചെലവ് തുക 737896 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.(രേഖകൾ പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 19/17-08-2023ന് മറുപടി ലഭ്യമാക്കി.)

## 1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ- അപാകതകൾ

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്റ്റ് നമ്പർ/പേര് | 228/22-23 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകൽ |
| അടങ്കൽ | 4,08,410രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>4000 രൂപ തനത് ഫണ്ട്<br>13,60,000രൂപ ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | 4,08,410രൂപ-ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>13,60,000രൂപ ജില്ലാ പഞ്ചായത്ത് വിഹിതം<br>ബിആർഎൻനമ്പർ 22151552029401388420/17.3.23 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലോജിക്ക് കംപ്യൂട്ടേഴ്സ് കൊപ്പത്തുനിന്നും ജെം മുഖേന ടെണ്ടർ നടപടിയിലൂടെ താഴെ പറയും പ്രകാരം ലാപ്പ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ/ തിയതി | ലാപ്പ്ടോപ്പുകളുടെ എണ്ണം | വില | ആകെ വില |
|---|---|---|---|---|
| 1 | LGQ2223/81<br>തി. 9.3.23<br>LAPTOP HP 240G8 | 10 | 30076.27 | 300762.70 |
| | HP ക്യാരി കേസ് | 10 | 508.47 | 5084.70 |
| | | | SGST<br>CGST | 27526.26<br>27526.26 |

| | | | | |
|---|---|---|---|---|
| | | | | 360900 |
| 2 | LGQ2223/87<br>തി. 14.3.23<br>LAPTOP HP 240G8 | 19 | 30076.27 | 571449.13 |
| | HP ക്യാരി കേസ് | 19 | 508.47 | 9660.93 |
| | | | SGST<br>CGST | 52299.90<br>52299.90 |
| | | | | 0.14 |
| | | | | 685710 |
| 3 | LGQ2223/87<br>തി. 15.3.23<br>LAPTOP HP 240G8 | 20 | 30076.27 | 601525.40 |
| | HP ക്യാരി കേസ് | 20 | 508.47 | 10169.40 |
| | | | SGST | 55052.54<br>55052.54 |
| | | | CGST | 0.12 |
| | | | ആകെ | 721800 |

മേൽ പ്രൊജെക്റ്റിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 ലാപ്പ്ടോപ്പിന്റെ സ്പെസിഫിക്കേഷൻ ടെക്ക്നിക്കൽ അസിസ്റ്റന്റ് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2 ലാപ്പടോപ്പിന്റെ വാറണ്ടി/ ഗ്യാരണ്ടി ഉൾപ്പടെയുള്ള വിശദാംശങ്ങളൊന്നും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

3 ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം അനുബന്ധ രേഖ സൂക്ഷിച്ചിട്ടില്ല

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | ഹാജരാക്കാത്ത രേഖ |
|---|---|---|
| | നന്ദന പി പി<br>പുതുശ്ശേരിപ്പറമ്പിൽ വീട്<br>പുലാമന്തോൾ<br>വാർഡ് 9 | കോഴ്സ് സർട്ടിഫിക്കറ്റ് |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 2/11.8.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടി ലഭ്യമാക്കുകയും ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ച രേഖകൾ ഹാജരാക്കുകയും ചെയ്തു. എന്നാൽ ക്രമനമ്പർ 3 രേഖ ഹാജരാക്കാത്തതിനാൽ ഒരു ലോപ്പ്ടോപ്പിന്റെ വില 30,585 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് -ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്

പ്രൊജക്റ്റ് : ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ

നം. S0004/2023

ബിൽ നം. 49/08-03-2023 : 1,50,000

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി പ്രകാരം 1,50,000 രൂപ ഹോംകോ, ആലപ്പുഴക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെ ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നം. 19/17-08-2023ന് മറുപടി ലഭ്യമാക്കി.

## 1-28 കൃഷിഭവൻ സജ്ജീകരണം- അപാകതകൾ

| | |
|---|---|
| വർഷം | 2022-23 |
| പ്രൊജെക്റ്റ് നമ്പർ/പേര് | 214/22-23 കൃഷി ഭവൻ സജ്ജീകരണം |

| | |
|---|---|
| അടങ്കൽ | 1,00,000രൂപ തനത് ഫണ്ട്<br>7,00,000രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 6,76,460രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കൃഷി ഭവൻ സജ്ജീകരിക്കുന്നതിന്റെ ഭാഗമായി ഫർണിച്ചർ,ഫയർ ക്യാബിൻ മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിനായി ഇ ടെണ്ടർ നടപടിയിലൂടെ ചോയ്സ് ഫർണിച്ചർ ഇൻഡസ്ട്രീസ് കടലുണ്ടിയിൽ നിന്ന് താഴെ പറയും പ്രകാരം ഫർണിച്ചറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

ബി ആർ എൻ നമ്പർ 22151552029001445666/23.3.23 6,76,460 രൂപ

| ക്രമനമ്പർ | ഇൻവോയ്സ് നമ്പർ/തിയതി | ഫർണിച്ചറിന്റെ എണ്ണം | ഫർണിച്ചറിന്റെ വില |
|---|---|---|---|
| 1 | 25/3.2.2023 | 7 | 5,61,824 |
| 2 | 26/3.2.2023 | 5 | 1,14,636 |
| | ആകെ | | 6,76,460 |

മേൽ പ്രൊജെക്ടിന്റെ നിർവഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1 പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്ട്സ് ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല

2 മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഫയലിനോടപ്പം സൂക്ഷിച്ചിട്ടില്ല.

3 സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങിയ ഫർണിച്ചറിന്റെ വിശദാംശങ്ങൾ (ഓരോ ഇനത്തിന്റെയും പ്രത്യേകമായി) രേഖപ്പെടുത്തേണ്ടതാണ്.

4 ഗുഡ്സ് ആന്റ് സർവീസ് ആക്ട് 2017,ലെ സെക്ഷൻ 51,21.7.18 ലെ ജിഎസ്ടി കൗൺസിൽ തീരുമാനം എന്നിവ പ്രകാരം 1.10.18 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങുന്ന സാധനങ്ങൾക്ക് നികുതി ഒഴികെ 2,50,000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ജിഎസ് ടിയിൻമേൽ 2% ടി ഡിഎസ് പിടിക്കേണ്ടതുണ്ട്. ടിഡിഎസ് പിടിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

5 ഫർണിച്ചർ നമ്പറിട്ട് സൂക്ഷിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നമ്പർ 3/11.8.23 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ചോയ്സ് ഫർണിച്ചർ കടലുണ്ടിയിടെ ജിഎസ് ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ,ജിഎസ് ടി അടവാക്കിയ രശീതി എന്നിവ ഹാജരാക്കുകയും ,സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുമെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്ത് അടുത്ത് നിർമ്മിച്ച പാലൂരിലുള്ള കൃഷിഭവൻ കെട്ടിടത്തിൽ 18.8.23 ന് പ്രാദേശിക പരിശോധന നടത്തിയിരുന്നു.

## 1-29 ഡ്രൈനേജ് പ്രവൃത്തി - കോൺക്രീറ്റിന് അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തിയുടെ ഭാഗമായി ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ച് മാറ്റിയ പ്രതലത്തിൽ 1:3:6 സിമന്റ് കോൺക്രീറ്റ് ചെയ്യതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 11.4.1.1 പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. ഈ ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയിൽ സെന്ററിംഗിനുള്ള നിരക്കും ഉൾപെടുന്നുണ്ട്. ഡ്രൈനേജിനായി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ മുഴുവൻ നീളത്തിലും വീതിയിലുമായി സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിംഗ് ആവശ്യമില്ലാത്തതിനാൽ സെന്ററിംഗിനുള്ള നിരക്ക് ഒഴിവാക്കിയാണ് ഈ ഇനത്തിന് നിരക്ക് നൽകേണ്ടിയിരുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | ഇനം അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| SO-79/23<br>ചെമ്മലശ്ശേരി പള്ളിയാൽ കുളമ്പ് അഴുക്ക ചാൽ നിർമ്മാണം.<br>അടങ്കൽ- 750000/-<br>( CFC. Un Tied) | ഇനം.2.002<br>11.680m$^3$ | 91590.71<br>@7841.63/m$^3$<br>(എസ്റ്റിമേറ്റ് നിരക്ക് ) | 88067.66<br>@7540.04/m$^3$<br>Od.@7540.04/m3 | 3945.08<br>(3523.04+422.76)<br>(12%GST) |

| | | | | |
|---|---|---|---|---|
| 126/29.3.2022 തുക621158<br>102/29.3.2022 തുക26502<br>17 /30.11.2022 തുക 100000<br>കോൺട്രാക്ടർ - ബിൽഷാദ്.കെ.പി<br>അളവ് പുസ്തകം-Book246-21-22<br>TS.No.27527/11.10.2022<br>കോസ്റ്റ് ഇൻഡക്സ് 36.44% | | | | |
| ചക്കിങ്ങൽ പള്ളിയാലിൽ റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കൽ (199/23)<br>അടങ്കൽ/,ചെലവ് 600000/550000<br>കോൺട്രാക്ടർ - ബിൽഷാദ്.കെ.പി<br>പ്രൈസ് ഐഡി-33523/2022<br>വൗച്ചർ 66 /28.3.2022 തുക550000(MG-Road)<br>കോസ്റ്റ് ഇൻഡക്സ് 36.44% | ഇനം 4<br>6.39 M3 | 50108.34<br>@7841.68/$m^3$<br>(എസ്റ്റിമേറ്റ് നിരക്ക് ) | @7540.04/m3<br>48180.85 | 2274.42<br>(1927.48+346.94 18%GST) |
| പി.എച്ച്.സി റോഡിൽ അഴുക്ക് ചാൽ നിർമ്മാണം(24/23)<br>അടങ്കൽ/,ചെലവ്<br>490000/323249<br>കോൺട്രാക്ടർ - ബിൽഷാദ്.കെ.പി<br>പ്രൈസ് ഐഡി-<br>18547/2022<br>വൗച്ചർ 29 /8.32023 തുക323249 (ധന കാര്യകമ്മീഷൻ ഗ്രാന്റ് )<br>കോസ്റ്റ് ഇൻഡക്സ് 36.44% | ഇനം 4<br>9.335 M3 | 73202.08<br>@7841.68/$m^3$<br>(എസ്റ്റിമേറ്റ് നിരക്ക് ) | @7540.04/m3<br>70386.27 | 3321.7<br>(2815+506.7 18%GST) |
| ചാമകുണ്ട് പന്നിക്കോട് | ഇനം 4 | 79044.13 | @7540.04/m3 | 3587.81 |

| | | | | |
|---|---|---|---|---|
| റോഡിൽ അഴുക്ക് ചാൽ നിർമ്മാണം(26/23)<br>അടങ്കൽ/,ചെലവ്<br>475000/399100<br>കോൺട്രാക്ടർ - ബിൽഷാദ്.കെ.പി<br>പ്രൈസ് ഐഡി-<br>18572/2022<br>വൗച്ചർ 39 /273.2022 തുക399100<br>കോസ്റ്റ് ഇൻഡക്സ് 36.44% | 10.080m3 | @7841.68/$m^3$<br>(എസ്റ്റിമേറ്റ് നിരക്ക് ) | 76003.60 | (3040.52+547.29 18%GST) |
| ആകെ | | | | 13129 |

തുക അധികം നൽകിയതിന് വിശദീകരണം നൽകുകയോ, അല്ലെങ്കിൽ തുക തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.11/16.8.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതിക അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 1-30 കുടിവെള്ള/ ജലസേചന പദ്ധതികളിൽ പുതിയ പമ്പ് സെറ്റ് സ്ഥാപിക്കൽ-പഴയ പമ്പ് സെറ്റുകൾ ലേലം ചെയ്തില്ല

അസി. എൻജിനീയർ നിർവ്വഹണം നടത്തിയ ചുവടെ ചേർത്തിട്ടുള്ള പ്രൊജക്ടുകൾ പ്രകാരം കുടിവെള്ള/ ജലസേചന പദ്ധതികളിലെ കോട്ടുപാടുകൾ സംഭവിച്ചതോ, ഉപയോഗശൂന്യമായതോ ആയ പമ്പ് സെറ്റുകൾ മാറ്റി പുതിയവ സ്ഥാപിച്ചിട്ടുണ്ട്. പ്രൊജകടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ര.ന | കുടിവെള്ള പദ്ധതി/ പ്രൊജക്ടിന്റെ വിവരം | പുതിയ പമ്പ് സെറ്റിന്റെ Hp | പഴയ പമ്പ് സെറ്റിന്റെ വിവരം |
|---|---|---|---|
| 1 | ആലിക്കൽ കുടിവെള്ള പദ്ധതി (52/23),<br>Rs. 298277/-, Vr.12/22-23 /15.09.22 | 20 Hp | ലഭ്യമല്ല |
| 2 | ചീരട്ടാമല കുടിവെള്ള പദ്ധതിക്ക് മോട്ടോർ വാങ്ങൽ (48/23),<br>Rs. 50000/-, Vr.6/22-23 /4.8.22 | 4 Hp | ലഭ്യമല്ല |
| 3 | ഏഴാം വാർഡ് ലക്ഷം വീട് കുഴൽ കിണർ പദ്ധതിക്ക് പമ്പ് വാങ്ങൽ (78/23)<br>Rs. 4000/-, Vr.5/22-23 /04.08.22 | 2 Hp | ലഭ്യമല്ല |

കേടുപാടുകൾ സംഭവിച്ചതോ/ ഉപയോഗശൂന്യമായതോ ആയ പഴയ പമ്പ് സെറ്റുകൾ സംബന്ധിച്ച വിവരം ലഭ്യമല്ല. . ഇത് സംബന്ധിച്ച് ഓഡിറ്റ് എന്ക്വയറി നം.10/16.8.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.പഴയ പമ്പ് സെറ്റുകൾ സെക്രട്ടറിക്ക് കൈമാറാൻ നടപടി സ്വീകരിക്കേണ്ടതും, സെക്രട്ടറി ആയത് ലേലം ചെയ്ത് തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

## 1-31 കൺവീനർമാർക്ക് ഓവർഹെഡ് ചാർജ് അനുവദിച്ച് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തിയിൽ ഗുണഭോക്തൃസമിതി കൺവീനർമാർക്ക് അധിക തുക നൽകിയിട്ടുണ്ട്. ഗുണഭോക്തൃസമിതി മുഖേന നിർവ്വഹിക്കുന്ന പ്രവൃത്തികൾക്ക് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിലെല്ലാം പ്രവൃത്തിയുടെ ഓരോ ഇനത്തിനും അനുവദനീയമായ നിരക്കിന് പുറമെ 7.5% തുക നികുതികൾക്കായി വകയിരുത്തുന്നുണ്ട് .

27.2.2016ലെ GO(P) 30/2016/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരമാണ് കൺവീനർമാർക്ക് 7.5% ഓവർഹെഡ് അനുവദിച്ച് ഉത്തരവായത്. പ്രസ്തുത ഉത്തരവിൽ കൺവീനർമാർ നൽകേണ്ട നികുതികൾ പ്രസ്തുത തുകയിൽ നിന്നും ഈടാക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി നിർവ്വഹിച്ചതിന് ശേഷം ആകെ മൂല്യ നിർണ്ണയ തുകയിൽ നിന്ന് 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നിവ കുറവ് ചെയ്താണ് കൺവീനർക്ക് തുക നൽകേണ്ടിയിരുന്നത്. എന്നാൽ വാറ്റ് നിലവിലില്ലാത്തതിനാൽ ഈ ഇനത്തിനായി വകയിരുത്തിയതിൽ നിന്ന് 5% തുക കുറവ് ചെയ്താണ് കൺവീനർക്ക് ബിൽ അനുവദിക്കേണ്ടതെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് 16.3.2018 ലെ ഡി.ബി-9058/17/സി.ഇ/ത.സ്വ.ഭ.വ നമ്പർ കത്തിലൂടെ അറിയിച്ചിട്ടുള്ളതാണ്. 5% തുക കുറവ് ചെയ്യാതെ ബില്ല് തയ്യാറാക്കിയതുമൂലമാണ് കൺവീനർക്ക് അധിക തുക നൽകാനിടയായത്. 5% വാറ്റ്, 2% ആദായ നികുതി, 1% നിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവയാണ് കൺവീനർമാർ അടവാക്കേണ്ടത്.

1.7.2017 ന് ശേഷം GST നിലവിൽ വന്നതിനാൽ ഇപ്പോൾ വാറ്റ് അടവാക്കേണ്ടതില്ലെന്നും (GST അടവാക്കുന്നതിനുള്ള തുക പ്രത്യേകം അനുവദിക്കുന്നുണ്ട്) വാറ്റ് അടവാക്കാനായി വകയിരുത്തിയ 5% തുക കുറവ് ചെയ്ത് കൺവീനർമാർക്ക് തുക നൽകിയാൽ മതിയെന്ന് ചീഫ് എഞ്ചിനീയർ 16.3.2018ലെ കത്തിൽ വ്യക്തമാക്കിയതാണ്. ഈ കത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കൺവീനർമാർക്ക് 7.5% ഓവർഹെഡ് ചാർജ് അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് | വളപുരം യു.പി.സ്കൂൾ മാലിന്യ കുഴിനിർമ്മാണം (191/23) |
| അടങ്കൽ/ ചെലവ് | 90000/ 89118 |
| ടി എസ് | 222445/2022-23/29.9.2022 |
| കരാർ | 17/AE/LSGD/Pml/018/2022-23/28.12.2022 |
| PRICE ID | 33478/2022 |
| കൺവീനർ | Muhammed Shereef |
| വൗച്ചർ നമ്പർ | 30/8.3.23 ,89118 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നൽകിയ തുക | 89118 |
| നൽകാവുന്ന തുക [5% കുറവ് ചെയ്ത്] | 84973 |
| അധികം | 4145/- [ie 89118*5/107.5] |

| | |
|---|---|
| പ്രൊജക്ട് | കുടുംബാരോഗ്യകേന്ദ്രത്തൽ ക്യാറ്റിൽ ട്രാപ്പ് നിർമ്മാണവും മറ്റ് അറ്റ കുറ്റ പണികളും (169/23) |
| അടങ്കൽ/ ചെലവ് | 95000/ 49913 |
| ടി എസ് | 91683/2022-23/2.1.2023 |
| കരാർ | 17/AE/LSGD/Pml/076/2022-23/10.3.23 |
| PRICE ID | 33374/2022 |
| കൺവീനർ | വിമൽ |
| വൗച്ചർ നമ്പര് | 87/31.32023 49913(MG-NR) |
| നൽകിയ തുക | 49913 |
| നൽകാവുന്ന തുക [5% കുറവ് ചെയ്ത്] | 47591 |
| അധികം | 2322/- [ie 49913*5/107.5] |

| | |
|---|---|
| പ്രൊജക്ട് | വളപുരം യു.പി സ്കൂളിൽ ടോയ്ലറ്റ് കോംപ്ളക്സ് |

| | |
|---|---|
| | (190/23) |
| അടങ്കൽ/ ചെലവ് | 2000000/ 346939 |
| ടി എസ് | 83607/2022-23/9.1.2023 |
| കരാർ | /AE/LSGD/Pml/031/2022-23/7.2.23 |
| PRICE ID | 33475/2022 |
| കൺവീനർ | Muhammed Shereef |
| വൗച്ചർ നമ്പർ | 38/27.32023 300000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>38 B/27.32023 46939 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| നൽകിയ തുക | 346939 |
| നൽകാവുന്ന തുക [5% കുറവ് ചെയ്തു] | 330803 |
| അധികം | 16136/- [Ie 346939*5/107.5] |

| | |
|---|---|
| പ്രൊജക്ട് | ആലമ്പാറ അംഗൻ വാടി നവീകരണം (206/23) |
| അടങ്കൽ/ ചെലവ് | 100000/ 74359 |
| ടി എസ് | 93143/2022-23/2.3.2023 |
| കരാർ | /AE/LSGD/Pml/073/2022-23/10.3.23 |
| PRICE ID | 33547/2022 |
| കൺവീനർ | സി.ലീലാവതി |
| വൗച്ചർ നമ്പർ | 40/27.32023 -24359 (തനത് ഫണ്ട്)<br>67/ 28.3.2023 50000 (MG-NR) |
| നൽകിയ തുക | 74359 |
| നൽകാവുന്ന തുക [5% കുറവ് ചെയ്തു] | 70900 |
| അധികം | 3459/- [Ie 74359 *5/107.5] |

| | |
|---|---|
| പ്രൊജക്ട് | ചെമ്മല അംഗൻവാടി നവീകരണം (207/23) |
| അടങ്കൽ/ ചെലവ് | 90000/ 89823 |
| ടി എസ് | 76309/2022-23/23.12.2022 |
| കരാർ | /AE/LSGD/Pml/019/2022-23/11.123 |
| PRICE ID | 33549/2022 |
| കൺവീനർ | സുധ |
| വൗച്ചർ നമ്പർ | 36/21.32023 89823 (MG-NR) |
| നൽകിയ തുക | 89823 |
| നൽകാവുന്ന തുക [5% കുറവ് ചെയ്തു] | 85645 |
| അധികം | 4178/- [Ie 89823*5/107.5] |

| | |
|---|---|
| പ്രൊജക്ട് | കാരാക്കട തോട് സംരക്ഷണം (192/23) |
| അടങ്കൽ/ ചെലവ് | 75000/ 72642 |
| ടി എസ് | ലഭ്യമല്ല |
| കരാർ | /AE/LSGD/Pml/021/2022-23/11.123 |
| PRICE ID | 33479/2022 |
| കൺവീനർ | എം.പി.പോക്കർ |
| വൗച്ചർ നമ്പർ | 31/8.3.2023 72642 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നൽകിയ തുക | 72642 |
| നൽകാവുന്ന തുക [5% കുറവ് ചെയ്തു] | 69263 |

| | |
|---|---|
| അധികം | 3379/- [le 72642*5/107.5] |

കൺവീനർമാർക്ക് അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (12/16.8.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അധിക തുക ഈടാക്കി പ്രവൃത്തികളുടെ പേമെന്റ് അനുവദിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്

## 1-32 ആദായ നികുതി കുറവായി ഈടാക്കി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർത്ത പ്രവൃത്തിയിൽ ഗുണഭോക്തൃസമിതി കൺവീനർമാരിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതിയിൽ മുഴുവൻ തുകയും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പ്രവൃത്തി | ആകെ മൂല്യ നിർണ്ണയം | ഈടാക്കേണ്ട നികുതി (2%) | ഈടാക്കിയത് | കുറവ് | വൗച്ചർ നം.തിയ്യതി |
|---|---|---|---|---|---|---|
| 1 | വളപുരം പടിഞ്ഞാറേക്കര അംഗൻ വാടി നിർമ്മാണം(127/22,131/23)<br>കൺവീനർ ; | 1160693 | 23214 | 8000<br>2050<br>4691<br>-------<br>14741 | 8473 | 88/24.3.2022 800000<br>127B/31.32022<br>205000<br>23/14.2.2023<br>234512 |
| 2 | കുടുംബാരോഗ്യകേന്ദ്രത്തൽ ക്യാറ്റിൽ ട്രാപ്പ് നിർമ്മാണവും മറ്റ് അറ്റ കുറ്റ പണികളും (169/23)<br>കൺവീനർ ;വിമൽ | 42299 | 846 | 423 | 423 | 87/31.32023 49913(MG-NR) |
| 3 | വളപുരം യു.പി സ്കൂളിൽ ടോയ്ലറ്റ് കോംപ്ളക്സ് (190/23)<br>കൺവീനർ ;മുഹമ്മദ് ഷെരീഫ് | 294015 | 5880 | 2940 | 2940 | 38/27.32023 300000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് )<br>38 B/27.32023 46939 (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| 4 | ആലമ്പാറ അംഗൻ വാടി നവീകരണം (206/23)<br>കൺവീനർ ;സി ലീലാവതി | 63016 | 630 | 1260 | 630 | 40/27.32023 -24359 (തനത് ഫണ്ട്)<br>67/ 28.3.2023 50000 (MG-NR) |
| 5 | ചെമ്മല അംഗൻവാടി നവീകരണം (207/23)<br>കൺവീനർ ;സുധ | 76120.69 | 1522 | 761 | 761 | 36/21.32023 89823 (MG-NR) |
| 6 | കാരാക്കട തോട് സംരക്ഷണം (192/23)<br>കൺവീനർ ;എം.പി പോക്കർ | 61560.82 | 1231 | 616 | 615 | 31/8.3.2023 72642 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| 7 | ചെമ്മലശ്ശേരി വടക്കൻ പാലൂർ റോഡിൽ ഡ്രൈനേജ് നീളം വർദ്ധിപ്പിക്കൽ(268/23) | 78760.84 | 1575 | 788 | 787 | 32/14.3.2023(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| | | | | | 14629 | |

കുറവായി ഈടാക്കിയ ആദായ നികുതി 14629/- രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (13/16.8.23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-33 തെരുവ് വിളക്ക് റിപ്പയർ/സ്ഥാപിക്കൽ പ്രവൃത്തികളിലെ അപാകതകൾ

2022-23 വർഷത്തിൽ തെരുവ് വിളക്ക് റിപ്പയർ/സ്ഥാപിക്കൽ എന്നിവക്കായി 5 പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

## 1-33-1 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ

പ്രൊജക്ട് : മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ

നം : S0224/2023

അടങ്കൽ - 7,00,000 (വികസന ഫണ്ട്)

ബിൽ നം. 50/24-03-2023 : 688136 (IT- 11864, GST-11864)

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ പ്രൊജക്ട് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. ജി.ഒ.(പി)നം.67/2021/FIN/28-0402021 പ്രകാരം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിന് ഇലക്ട്രിക്കൽ പ്രവൃത്തികൾ PMCആയി നിർവ്വഹിക്കുവാനാണ് അക്രഡിറ്റേഷൻ ഉള്ളത്. മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പ്രവൃത്തി നേരിട്ട് നടത്താൻ (Non-PMC) അനുമതി ഇല്ലാത്തതാണ്. സർക്കാർ അനുമതി ഇല്ലാതെ, ടെണ്ടർ നടപടികൾ കൂടാതെ പ്രസ്തുത പ്രവൃത്തി നടത്തിയതിന്റെ കാരണം അറിയിക്കേണ്ടതാണ്.

2. സ്ഥാപിക്കുന്ന വിളക്കുകളുടെ സാമ്പിൾ ഹാജരാക്കിയതിന്റെയോ, ആയതിന്റെ വിദഗ്ദ പരിശോധനയുടെ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കിയതിന്റെയോ രേഖകൾ ഫയലിലില്ല.

3. KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവുവിളക്കുകളുടെ പരിപാലനപ്രവൃത്തികൾ നടത്തണമെന്ന 15.09.2011ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം KSEBയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

4. തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.28/17-08-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-33-2 മിനിമാസ്റ്റ് ലൈറ്റുകൾക്ക് എ.എം.സി പദ്ധതിയിലെ അപാകതകൾ

പ്രൊജക്ട് : മിനിമാസ്റ്റ് ലൈറ്റുകൾക്ക് എ.എം.സി

നം : S0139/2023

അടങ്കൽ - 1,00,000 (ധനകാര്യ കമ്മീഷൻ അവാർഡ്)

വൗച്ചർ നം. 22201092/15-03-2023 : 98,000

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതിയുടെ ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റ് റജിസ്റ്റർ പ്രകാരമുള്ള 45W, 70W ലൈറ്റുകൾക്ക് ടൈമർ സ്ഥാപിക്കുന്നത് ഉൾപ്പടെയുള്ള യൂണിറ്റ് കോസ്റ്റാണ് രേഖപ്പെടുത്തേണ്ടത് എന്ന് ടെണ്ടർ പരസ്യത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ട്രീറ്റ് ലൈറ്റ് റജിസ്റ്ററിൽ മിനിമാസ്റ്റ് ലൈറ്റുകളുടെ ഈ വിശദാംശങ്ങൾ ഇല്ല.

2. കരാറുകാരനായ ശ്രീ.അജയൻ.സി ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടറാണെന്നതിന്റെ രേഖകൾ ഫയലിലില്ല. വയർമാൻ പരീക്ഷ പാസായതിന്റെ സർട്ടിഫിക്കറ്റും, പെർമിറ്റും മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്.

3. സ്ഥാപിക്കുന്ന വിളക്കുകളുടെ സാമ്പിൾ ഹാജരാക്കിയതിന്റെയോ, ആയതിന്റെ വിദഗ്ദ പരിശോധനയുടെ ടെസ്റ്റ് റിപ്പോർട്ട് ലഭ്യമാക്കിയതിന്റെയോ രേഖകൾ ഫയലിലില്ല.

4. കരാറുകാരൻ ടെണ്ടറിൽ 24W വിളക്കിന് 916 രൂപ , 36W വിളക്കിന് 1050 രൂപ, 50W വിളക്കിന് 1900 രൂപ, 100W വിളക്കിന് 4900 രൂപ എന്നിങ്ങനെയാണ് രേഖപ്പെടുത്തിയിട്ടുള്ളത് . ടെണ്ടർ പരസ്യത്തിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷൻ അല്ല ഇവയൊന്നും. രേഖപ്പെടുത്തിയ നിരക്കുകൾ ഒന്നും പരിഗണിക്കാതെ എസ്റ്റിമേറ്റ് റേറ്റിന് ടെണ്ടർ സമർപ്പിച്ചതായി കണക്കാക്കിയാണ് കരാറുകാരന് തുക നൽകിയിട്ടുള്ളത്.

'എ' കാറ്റഗറി ഇലക്ട്രിക്കൽ കോൺട്രാക്ടർ ആയി റജിസ്ട്രേഷനുള്ള ശ്രീ. സുന്ദർമോഹൻ കെ.പി എന്ന വ്യക്തി എസ്റ്റിമേറ്റിന്റെ 2% കുറവ് ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആയത് പരിഗണിച്ചിട്ടില്ല.

5. കരാറുകാരൻ ലഭ്യമാക്കിയ ലിസ്റ്റ് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. വാർഡ് മെമ്പർമാർ ലഭ്യമാക്കിയ സാക്ഷ്യപത്രത്തിൽ എത്ര വാട്ടിന്റെ വിളക്കുകളാണ് സ്ഥാപിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടുമില്ല.

6. S0224/2023-ാം നമ്പർ സ്പിൽ ഓവർ പ്രൊജക്ടിൻ കീഴില് UEIകൊല്ലം എന്ന സ്ഥാപനം 7264/22/12-03-2022-ാം നമ്പർ വർക്ക് ഓർഡർ പ്രകാരം (ഇൻവോയ്സ് നം. UEI/855/28-02-2023) സ്ഥാപിച്ച വാർഡ്-2 ലെ 34607-ാം നമ്പർ

കൺസ്യൂമർ നമ്പറിലുള്ള മിനിമാസ്റ്റിന് രണ്ട് വർഷം വാറണ്ടിയുണ്ട്. എന്നാൽ പ്രസ്തുത വിളക്ക് S0139/2023-ാം നമ്പർ പ്രൊജക്ട് പ്രകാരം റിപ്പയർ ചെയ്ത് തുക നൽകിയിരിക്കുന്നു.

7. KSEB ജീവനക്കാരുടെ മേൽനോട്ടത്തിൽ തെരുവുവിളക്കുകളുടെ പരിപാലനപ്രവൃത്തികൾ നടത്തണമെന്ന 15.09.2011ലെ 3055/ഡിഎ3/2011/തസ്വഭവ സർക്കുലറിലെ നിർദ്ദേശങ്ങൾ പ്രകാരം KSEBയിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

8. കോൺട്രാക്ടർക്ക് തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

9. കരാറുകാരൻ ടാക്സ് ബിൽ ഹാജരാക്കിയിട്ടില്ല.

10. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം , ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച്, അതാത് ദിവസം തന്നെ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൽ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർത്തതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 22/17-08-2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
അപാകതകൾ പരിഹരിക്കുന്നത് വരെ ചെലവ് തുക 98000 രൂപ തടസ്സം ചെയ്യുന്നു.

## 1-33-3 തെരുവ് വിളക്ക് റിപ്പയർ (എൽ.ഇ.ഡി) എ.എം.സി പദ്ധതിയിലെ അപാകതകൾ

പ്രൊജക്ട് : തെരുവ് വിളക്ക് റിപ്പയർ (എൽ.ഇ.ഡി) എ.എം.സി

നം : S0219/2023

അടങ്കൽ - 1,32,000 (വികസന ഫണ്ട് 1,00,000, തനത് ഫണ്ട് 32,000)

ബിൽ നം. 25/20-10-2022 : 100000 (IT -1000, GST-6020 ഉൾപ്പടെ)

